**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1807** **04-02-2026 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റികളിൽ തസ്തിക മാറ്റം വഴിയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ യൂണിവേഴ്സിറ്റികളിലാണ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നാല് വർഷം പൂർത്തിയായവരിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നത്; വിശദമാക്കാമോ; | (എ) | കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ മാത്രമാണ് നിലവിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നാല് വർഷം പൂർത്തിയായവരിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നത്. |
| (ബി) | യൂണിവേഴ്സിറ്റികളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള പൊതുമാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | തസ്തികമാറ്റം വഴിയും, ഉദ്യോഗക്കയറ്റം വഴിയും ഉള്ള നിയമനങ്ങൾക്ക് അതാത് സർവകലാശാലകളിലെ സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ്, റെഗുലേഷൻ എന്നിവയാണ് ബാധകമായിട്ടുള്ളത്. |
| (സി) | സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ്മാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിന് ബാധകമായ ഉത്തരവ്/സ്പെഷ്യൽ റൂൾസ് യൂണിവേഴ്സിറ്റികൾക്കും ബാധമാക്കി ഉത്തരവ് നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ